## പള്ളിക്കൂദാശാക്കാലം രണ്ടാം ഞായർ

**മത്താ 12:1-13**

### മതാനുഭവത്തിന്റെ കാതൽ

**റവ. ഡോ. ജോസ് ഓലിയപ്പുറം**

യേശുവും ഫരിസേയരും തമ്മിൽ ആരംഭിക്കുന്ന സംവാദത്തിന്റെയും രൂക്ഷവിമർശനങ്ങളുടെയും പ്രാരംഭം കുറിക്കുന്ന വിവരണങ്ങളാണ് ഈ സുവിശേഷഭാഗത്തിലെ പ്രധാന വിഷയം. പഴയനിയമത്തിലെ വിവിധ പുസ്തകങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ ഇവിടെ ചേർത്തിരിക്കുന്നത് വാദപ്രതിപാദങ്ങളുടെ ശക്തി കൂട്ടാനാണ്. രണ്ടു സംഭവങ്ങളാണ് ഈ വിവരണഭാഗത്തു കാണുന്നത്. യേശുവും ശിഷ്യരും ഗോതമ്പുവയലിലൂടെ കടന്നുപോകുന്നതും തുടർന്നുള്ള സംഭാഷണവുമാണ് ഒന്നാമത്തെ സംഭവം (മത്താ. 12:1-8). വളരെ സ്വാഭാവികമായൊരു അവതരണശൈലി ഇതിൽ കാണാം. നടന്നുപോകുന്ന ഗുരുവും ശിഷ്യരും പാടവരമ്പിൽ കൂടെ കടന്നുപോകുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന വികാരമാണ് കതിരുകൾ ഊർത്തിയെടുത്ത് ഭക്ഷിക്കുകയെന്നുള്ളത്. ഒരു രസത്തിനു ചെയ്യുന്ന ഒരു പ്രവൃത്തിയായി അതിനെ കാണാം. എന്നാൽ വിവരണകർത്താവ് ഒരു കാര്യം ഇവിടെ പ്രത്യേകം പറയുന്നുണ്ട്. ഈ സംഭവവിരണം തുടങ്ങുന്നത് അക്കാലത്ത് എന്നു പറഞ്ഞുകൊണ്ടാണ്. ഒരു കഥ പറയുന്നതുപോലെയാണ് ആരംഭിക്കുന്നത്. ഒരു പക്ഷേ നേരത്തേ പറഞ്ഞു വന്നതിൽ നിന്നും വ്യത്യസ്തമായൊരു ഉറവിടത്തിൽ നിന്നായിരിക്കാം അതു ലഭിച്ചത്. ഇതുപോലെ മറ്റൊരു കാര്യം ശിഷ്യർ ഗോതമ്പുവയലിലൂടെ കടന്നുപോയി എന്നു പറയുക മാത്രമല്ല അവന്റെ ശിഷ്യന്മാർക്കു വിശന്നു എന്നു പ്രത്യേകം രേഖപ്പെടുത്തുന്നു. ഒരു അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതുപോലെയുള്ള വിവരണമാണിത്. അതിനാൽ ഇതന്റെ ചരിത്രപരതയെക്കാൾ സന്ദേശത്തിനാണു പ്രാധാന്യം.

നേരത്തെ സൂചിപ്പിച്ചതുപോലെ കടന്നുപോയപ്പോൾ ഒരു രസത്തിന് ശിഷ്യർ കതിരുകൾ ഊർത്തെടുത്ത് ചവച്ചതല്ല വിശന്നപ്പോൾ കതിരുകൾ പറിച്ച് തിന്നാൻ തുടങ്ങിയതാണ്. ഇതിനെയാണ് അടുത്തുണ്ടായിരുന്ന ഫരിസേയർ എതിർത്തത്. കാരണം സാബത്തുദിനത്തിൽ ഇപ്രകാരം ചെയ്യുന്നത് നിഷിദ്ധമായിരുന്നു. നിയമാവർത്തനം 23:24-25 വാക്യങ്ങളുടെ പിൻബലത്തിലായിരുന്നിരിക്കണം ഇക്കാര്യം പറയുന്നത്. നിയമാവർത്തനം ഇപ്രകാരമാണു പറയുന്നത്: അയൽക്കാരന്റെ മുന്തിരിത്തോട്ടത്തിലൂടെ കടന്നുപോകുമ്പോൾ നിനക്കിഷ്ടമുള്ളിടത്തോളം ഫലങ്ങൾ പറിച്ചു തിന്നുകൊള്ളുക; എന്നാൽ അവയിലൊന്നുപോലും പാത്രത്തിലാക്കരുത്. അയൽക്കാരന്റെ ഗോതമ്പുവയലിലൂടെ കടന്നുപോകുമ്പോൾ കൈകൾ കൊണ്ട് കതിരുകൾ പറിച്ചെടുത്തുകൊള്ളുക അരിവാൾ കൊണ്ട് കൊയ്തെടുക്കരുത്. മേൽപ്പറഞ്ഞ വചനങ്ങളിൽ നിന്നും മനസ്സിലാകുന്നത് സാബത്തിൽ കൊയ്ത്തും കറ്റമെതിയും നടത്തരുതെന്നാണ്. ശിഷ്യന്മാർ അരിവാൾ കൊണ്ട് കതിരുകൾ മുറിച്ചതായി ഇവിടെ പറയുന്നില്ല. പറിച്ചുതിന്നാൻ തുടങ്ങിയെന്നേ പറയുന്നുള്ളൂ. എന്തർത്ഥത്തിലാണ് ശിഷ്യർ നിഷിദ്ധമായത് ചെയ്തു എന്നു ഫരിസേയർ പറയുന്നതെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ട്. മാത്രമല്ല, ശിഷ്യർ കതിരുകൾ ഊർത്തിയെടുത്ത് ഭക്ഷിച്ചിട്ടുണ്ടെങ്കിൽ അത് അവർക്കു വിശന്നിട്ടുമായിരുന്നു. അപ്പോൾ യഥാർത്ഥത്തിൽ സംഭവിച്ചത് ഫരിസേയർ അവരുടെ ചിന്താഗതിയനുസരിച്ച് കുറ്റപ്പെടുത്തി സംസാരിക്കുകയും കാര്യങ്ങളുടെ നിജസ്ഥിതിയറിയാതെ നിയമങ്ങൾ വളച്ചൊടിച്ചു വ്യാഖ്യാനിക്കുകയും ചെയ്തതാണിത്.

ഇതിനു തക്കതായ മറുപടി യേശുവും നല്കുന്നതായാണ് സുവിശേഷഗ്രന്ഥകാരൻ കാണിക്കുന്നത്. 1 സാമുവൽ 21:1-6; ലേവ്യർ 24:5-9 എന്നീ ഭാഗങ്ങളിൽ വിവരിക്കുന്നവ ഇവിടെ ശ്രദ്ധാർഹമാണ്. കാഴ്ചയപ്പം ഉണ്ടാക്കുന്നതിനുള്ള ആചാരക്രമങ്ങളെക്കുറിച്ച് ലേവ്യരുടെ പുസ്തകം വിവരിക്കുന്നുണ്ട്. ഇപ്രകാരമുള്ള ആചാരപ്രകാരം ഉണ്ടാക്കുന്ന കാഴ്ചയപ്പം ആവശ്യം വന്നപ്പോൾ പുരോഹിതൻ അഹിമെലക് ദാവീദിനും അനുചരന്മാർക്കും നല്കുന്നതായി സാമുവലിന്റെ പുസ്തകത്തിൽ പറയുന്നുണ്ട്. ഇതു തെറ്റാണെന്ന് വ്യാഖ്യാനിക്കാമോ എന്നാണ് യേസു ചോദിക്കുന്നത്. ഇതുപോലെ സാബത്തുദിനത്തൽ പ്രവൃത്തിയെടുക്കുന്ന പുരോഹിതൻ സാബത്തു ലംഘനത്തിനു വിധേയനാകുന്നില്ലെന്നു പറയുന്നതും എന്തുകൊണ്ടാണെന്നു ചോദിക്കുന്നു (സംഖ്യ

23:9–10). ഇവയെല്ലാം കൂട്ടിവായിക്കുമ്പോൾ ഫരിസേയ വാദഗതികളെല്ലാം തെറ്റാണെന്ന് യേശു സമർത്ഥിക്കുന്നു.

എന്നാൽ ഇതോടൊപ്പം മറ്റൊരു കാര്യം കൂടി സുവിശേഷഗ്രന്ഥകാരൻ യേശുവിന്റെ വാക്കുകളിലൂടെ വായനക്കാരനോടു പറയുവാൻ ആഗ്രഹിക്കുന്നുണ്ട്. അത് യേശുവിന്റെ പ്രത്യേകതയാണ്. അതിനാലാണ് അവൻ പറയുന്നത് ദൈവാലയത്തെക്കാൾ ശ്രേഷ്ഠമായ ഒന്ന് ഇവിടെയുണ്ട്... വിമോചകനും സാബത്തിന്റെ അധിനാഥനുമാണവൻ... പുതുയുഗത്തിന്റെയും പുതിയ നിയമത്തിന്റെയും വക്താവാണവൻ... വീണ്ടും ഹോസിയ പ്രവാചകന്റെ വാക്കുകളിലൂടെ തന്റെ ലക്ഷ്യവും അവൻ വ്യക്തമാക്കുന്നു. നിയമത്തെക്കാൾ വ്യക്തിയും ആചാരവിധികളെക്കാൾ കാരുണ്യവും പ്രതീക്ഷിക്കുന്നവനും അതിനായി തന്റെ ജീവിതം സമർപ്പിക്കാൻ തയ്യാറായവനുമാണവിടുന്ന്. നിയമം നന്നായി പഠിച്ചവരും അതിന്റെ പാലകരും പരിവ്രാജകരും അതിന് ശ്രമിക്കുന്നില്ലെന്ന് യേശുവിന്റെ വാക്കുകളായിട്ട് ഗ്രന്ഥകാരൻ പറയുന്നു. യഥാർത്ഥത്തിൽ യേശുവിന്റെ നയം വ്യക്തമാക്കുകയാണ് ഈ വചനങ്ങളിലൂടെ. മനുഷ്യനെ കുറ്റബോധത്തിന്റെ അടിമകളാക്കുന്ന ആധുനിക മതസംരക്ഷകരുടെയും മേൽക്കുള്ള ഒളിയമ്പുകൾ ഈ വചനങ്ങളിൽ കാണാം. മനുഷ്യനന്മയെ കരുതിയാണ് മതങ്ങൾ. മതങ്ങളുടെ നടത്തിപ്പിൽ സ്വാർത്ഥതാത്പര്യങ്ങൾ ഒളിഞ്ഞും തെളിഞ്ഞും വന്നുകൂടാൻ സാധ്യതയുണ്ട്. അവയെ ചെറുത്തുനിൽക്കാനും അവയുടെ നൂലാമാലകൾക്കുപരി ദൈവകരുണയെ മതങ്ങളിലൂടെ സംക്രമിപ്പിക്കാനും കഴിയണം.

മേൽപറഞ്ഞ സാഹചര്യങ്ങളോടു ചേർന്നുപോകുന്ന സംഭവമാണ് യേശു സാബത്തിൽ നല്കുന്ന രോഗശാന്തി (മത്താ. 12:9–14). ഈ സംഭവവിവരണത്തിൽ അവർ എന്ന വാക്ക് പല പ്രാവശ്യം ഉപയോഗിക്കുന്നതു കാണാം (അവരുടെ സിനഗോഗിൽ... അവൻ അവരോടു ചോദിച്ചു...). ഈ അവർ ഫരിസേയരാണെന്ന് 14–ാം വാക്യത്തിൽ സൂചിപ്പിക്കുന്നു. ഈ സംഭവവിവരണത്തിലൂടെ യേശുവിന്റെ പ്രവൃത്തികളും ലക്ഷ്യങ്ങളും അന്നത്തെ മതനേതൃത്വവും ജനപ്രമാണിമാരും താത്പര്യത്തോടെ കാണുന്നില്ലെന്നും അവരും യേശുവും തമ്മിൽ ആശയപരമായി ഇരുദിശകളിലാണെന്നും വ്യക്തമാക്കുന്നു. അതുമാത്രമല്ല യേശുവിന്റെ നിലപാടുകൾ മനുഷ്യവിരോധമോ വൈരാഗ്യമോ ജനിപ്പിക്കുന്നതിനല്ലെന്നും മനുഷ്യനന്മ മാത്രമേ ആഗ്രഹിക്കുന്നുള്ളൂവെന്നും എന്നാൽ എതിർത്തു നിൽക്കുന്നവർ വ്യക്തിഹത്യയും നാശവും വരുത്താൻ പാകത്തിന് തീരുമാനങ്ങൾ എടുക്കാൻ മാത്രം വൈരാഗികളാണെന്നും പറഞ്ഞുവയ്ക്കുന്നു (അവനെ നശിപ്പിക്കേണ്ടതെങ്ങനെയെന്ന് അവർ ആലോചന നടത്തി).

മറ്റു സുവിശേഷങ്ങളിൽ വിവരണങ്ങളോടെ പറയുന്ന കാര്യങ്ങൾ 11–12 വാക്യങ്ങളിൽ സമ്യക്കായി പറയുന്നു. കൈ ശോഷിച്ചിരുന്ന വ്യക്തി സിനഗോഗിൽ ഉണ്ടായിരുന്നതായി യേശു വിരോധികൾ കണ്ടിരുന്നു. യേശു അവിടെയെത്തുമ്പോൾ അംഗവൈകല്യം വന്നവനെ കാണുകയും അവന് ആശ്വാസവും കരുണയും പ്രദാനം ചെയ്യുകയും ചെയ്യുമെന്നും ഏതാണ്ട് ഉറപ്പിച്ചിരുന്നുവെന്ന് വിരോധികളുടെ മനോഭാവം സൂചിപ്പിക്കുന്നു. കാരണം യേശുവിനെ കണ്ടപ്പോൾ അവർ അവനോടു ചോദിക്കുന്നത് സാബത്തിൽ രോഗശാന്തി നല്കുന്നത് ശരിയോ തെറ്റോ എന്നാണ്. ഇവിടെ യേശു ആടിന്റെ (മൃഗം) ഉദാഹരണം പറഞ്ഞുകൊണ്ട് അവരെ ഉത്തരം മുട്ടിക്കുന്നു. മാത്രമല്ല, കൈ ശോഷിച്ചവനെ സുഖപ്പെടുത്തുകയും ചെയ്തു. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട രണ്ടു വചനങ്ങൾ കാണാം. 1. ആടിനെക്കാൾ വിലപ്പെട്ടവരാണ് മനുഷ്യർ എന്ന വാചകം വളരെ പ്രധാനപ്പെട്ടതാണ്. മതമല്ല മതത്തെക്കാൾ മനുഷ്യനന്മയാണ് വലുത്. നിയമങ്ങൾ മനുഷ്യനന്മയ്ക്കു വേണ്ടിയാണ്. മനുഷ്യനന്മയ്ക്കുപകരിക്കാത്തതും സ്വാർത്ഥ സംരക്ഷണത്തിനും മാനസിക സംതൃപ്തിക്കും വേണ്ടി മാത്രം കൊണ്ടുനടക്കുന്ന നിയമങ്ങൾ ആർക്കും ഉപകാരം ചെയ്യില്ല. അതിനാൽ മതങ്ങൾ മനുഷ്യന്റെ ഉടമയായി മാറരുത്. ഇവിടെ യേശു മുന്നേ പറഞ്ഞ എന്റെ നുകം വഹിക്കാൻ എളുപ്പമുള്ളതും ചുമട് ലഘുവുമാണ് എന്ന വചനം പ്രായോഗികതലത്തിൽ അവതരിക്കുകയാണ്. 2. സാബത്തിൽ നന്മ ചെയ്യുക അനുവദനീയമാണ്. ഈ വചനങ്ങൾ നേരത്തേ പറഞ്ഞിട്ടുള്ളവയോടു ചേർന്നു പോകുന്നതാണ്. മതം, ആചാരങ്ങൾ, മതനിയമങ്ങൾ, മതസംവിധാനങ്ങൾ എന്നിവയുടെ പ്രതീകമായി സാബത്ത് എന്ന വാക്കിനെ കാണാവുന്നതാണ്. ആയതിനാൽ ഇവയെല്ലാം നന്മയ്ക്ക്, മനുഷ്യസന്തോഷത്തിന്, സമാധാനത്തിന് ഉപകാരപ്പെടണം. മനുഷ്യനന്മയ്ക്ക് ഉപകാരപ്പെടാത്തതും മനുഷ്യനെ വീണ്ടും വീണ്ടും വേദനകളിലേക്കും സംഘർഷങ്ങളിലേക്കും തള്ളിവിടുന്നതുമായ സംവിധാനങ്ങളും ശൈലികളും അവസാനിക്കണം. മതനിയമങ്ങൾ ചിലയവസരങ്ങളിൽ

പാലിക്കപ്പെടാതെ പോകുന്നതുകൊണ്ട് സമൂഹത്തിന് ഉതപ്പുണ്ടാകാം എന്ന വാദങ്ങൾ കേൾക്കാറുണ്ട്. അത്തരത്തിലുള്ള വാദഗതികൾക്കുള്ള മറുപടിയാണ് ഈ വചനങ്ങൾ.

– മനുഷ്യനന്മയാണ് ഏതൊരു നിയമത്തിനും അതീതമായ ദൈവികനിയമം.

– നന്മ ചെയ്യുന്നതിന് വേർതിരിവിന്റെ മതിലുകൾ ഉണ്ടാവരുത്.

– മതവിശ്വാസത്തിന്റെ മറവിൽ സ്വാർത്ഥതാത്പര്യങ്ങളും, തീവ്രവാദവും (ഒരു തരം ഹൃദയകാഠിന്യം) കടന്നുകൂടരുത്.